പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1565

31-01-2018 ൽ മറുപടിക്ക്

## കപ്പത്തോട് സംരക്ഷണത്തിനായുള്ള നടപടികൾ

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന 'കപ്പത്തോട്' സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന, ചാലക്കുടി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കപ്പത്തോട്ടിലേയ്ക്കുള്ള ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തിന്റെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന "കപ്പത്തോട് നീർത്തട പദ്ധതി" ആർ.ഐ.ഡി.എഫ്-ന്റെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2014-17 കാലഘട്ടത്തിൽ, വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ 274.92 ലക്ഷം രൂപ ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന 'കപ്പത്തോട്' സംരക്ഷണത്തിനായി RIDF XXII സ്കീമിൽ ഉൾപ്പെടുത്തി 1000 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.ക്ക് നൽകിയിട്ടുണ്ട്. Detailed Project Report, പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ